പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *191 — 19.06.2012-ലെ മറുപടിയ്ക്ക്

**ഭക്ഷ്യ സംസ്കരണ വ്യവസായം**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. എം.വി ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി. സി. ജോർജ് | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങളുടെ സാധ്യതയെകുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) ഭക്ഷ്യ സംസ്ക്കരണത്തിനുള്ള കേന്ദ്ര മിഷന്റെ ചുവടു പിടിച്ച് സംസ്ഥാനത്ത് രൂപീകൃതമായ സംസ്ഥാന ഭക്ഷ്യ സംസ്ക്കരണ മിഷൻ കേരളത്തിലെ ഭക്ഷ്യ സംസ്ക്കരണ മേഖലയെകുറിച്ച് പഠനം നടത്തുന്നതിന് ഒരു മിഷൻ ഡോക്യുമെന്റ് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പഠനം നടത്തുന്നതിനായി ഒരു കൺസൽട്ടന്റിനെ നിയമിക്കുന്നതിനും പദ്ധതിയുണ്ട്. ഇതിലേക്ക് കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടുണ്ട്. |
| (ബി)ഭക്ഷ്യ സംസ്കരണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; | ബി) ഭക്ഷ്യ സംസ്ക്കരണ മിഷന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. സംസ്ഥാനത്തു ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ ആധുനികവൽക്കരണത്തിനും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുക.<br>2. കോൾഡ് ചെയിൻ സ്ഥാപിക്കുന്നതിനും റീഫർ വെഹിക്കിൾസ് സംവിധാനങ്ങൾ ഒരുക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.<br>3. മാനവ വിഭവശേഷി വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.<br>4. ഭക്ഷ്യ സംസ്ക്കരണ മേഖലയിലെ പ്രോത്സാഹനങ്ങൾക്കായുള്ള പദ്ധതികൾ. |

ഈ ലക്ഷ്യം സാധൂകരിക്കുന്നതിനു വേണ്ടി താഴെ പറയുന്ന നടപടികളാണ് വിഭാവനം ചെയ്തിരിക്കുന്നത്.

1. സംസ്ഥാനത്ത് പുതിയ ഭക്ഷ്യ സംസ് കരണ വ്യവസായങ്ങൾ സ്ഥാപിക്കുക., ഇവയിൽ ആധുനിക വൽക്കരണം നടപ്പിലാക്കുക, പുതിയ സാങ്കേതിക വിദ്യകൾ സ്വീകരിക്കുക.

2. ഭക്ഷ്യ സംസ്ക്കരണ വ്യവസായത്തിന് ഉപയോഗമാകുന്ന വിധത്തിൽ ഭക്ഷ്യ ഉൽപ്പന്നങ്ങൾ കേടുകൂടാതെ സംരക്ഷിക്കുന്നതിന് കോൾഡ് ചെയിനുകളും മറ്റു സൗകര്യങ്ങളും സ്ഥാപിക്കുക.

3. ഈ മേഖലയിലെ മനുഷ്യ വിഭവശേഷി വികസിപ്പിക്കുക.

i. ഭക്ഷ്യ സംസ്ക്കരണ സാങ്കേതിക വിദ്യയിൽ ഡിഗ്രി/ഡിപ്ലോമ/ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുക.

ii. സംരംഭക വികസന പദ്ധതി (ഇ.ഡി.പി)

iii ഭക്ഷ്യ സംസ്ക്കരണ പരിശീലന കേന്ദ്രം (എഫ്.പി. റ്റി.സി)

4. സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, എക്സിബിഷൻ, പബ്ലിസിറ്റി തുടങ്ങിയവയിലൂടെ ഇതിനാവശ്യമായ പ്രോത്സാഹന നടപടികൾ സ്വീകരിക്കുക.

സി) പ്രസ്തുത വ്യവസായങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര പദ്ധതികൾ കേന്ദ്ര ഭക്ഷ്യ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്; ആയതിൽ എത്ര പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെന്ന് അറിയിക്കുമോ?

സി) സംസ്ഥാനത്തെ കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിൻെറ നോഡൽ ഏജൻസിയാണ് കിൻഫ്ര. എന്നാൽ 2007-ൽ ഭക്ഷ്യ സംസ് ക്കരണ മന്ത്രാലയം പദ്ധതികൾക്കായുള്ള ഗ്രാൻറ് നൽകുന്ന സംവിധാനം വികേന്ദ്രീകരിക്കുകയും അതിൻ പ്രകാരം ബാങ്കുകൾ മുഖാന്തിരം ഗ്രാൻറ് അനുവദിക്കുകയും ചെയ്തു. ഇതുവഴി ഏകദേശം 36 കോടി രൂപയോളം കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയത്തിൻെറ ഗ്രാൻറായി നിരവധി വ്യവസായ സംരംഭകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സംസ് ക്കരണ മിഷൻെറ മാതൃകയിൽ സംസ്ഥാന ഭക്ഷ്യ സംസ് ക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മിഷൻ

നടപ്പാക്കുന്നതിന് 75% കേന്ദ്ര ധനസഹായവും 25% സംസ്ഥാന ധനസഹായവുമാണ് കേന്ദ്ര ഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ളത്. മിഷൻെറ കീഴിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ തെരഞ്ഞെടുത്ത് കേന്ദ്ര ഗവൺമെൻറിൻെറ അംഗീകാരത്തിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ